കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോരുവഴി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി10-1245/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -11/07/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോരുവഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ .എസ്.എ.-കെ.എൽ.എം.പി10-1245/17 തീയതി-11/07/2017.

<u>കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-11-16 മുതൽ 15-6-17 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-6-17 മുതൽ 28-6-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശി ജോഷ്.എ,<br>അസ്സി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | |
| | ശ്രീമതി.ജമീലാബീവി.എം,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.ഷീജ | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീമതി. ഉഷാകുമാരി | 1-4-16 മുതൽ 31-3-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എസ്.ഷാജി | 1-4-16 മുതൽ 31-3-17 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി.ശാലിനി.എസ്. | 1-4-16 മുതൽ 31-3-17 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.ജയകുമാർ | 1-4-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | ശ്രീ.അരുൺ.ഒ | 1-4-16 മുതൽ 10-2-17 വരെ |
| | ശ്രീ.പ്രദീപ് കുമാർ | 11-2-17 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീ.സനോജ് സാം | 1-4-16 മുതൽ 31-3-17 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ<br>ഗവ.എൽ.പി.എസ്. | ശ്രീ.റോയ്.ടി | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സ്മിത.ടി | 1-4-16 മുതൽ 31-3-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷാഹിദ.കെ | 1-4-16 മുതൽ 30-8-16 വരെ |
| | ശ്രീമതി.ഷീബ | 31-8-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ.<br>(സർക്കിൾ1) | ശ്രീ.റോബിൻ സാമുവൽ | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ.(സർക്കിൾ2) | ശ്രീമതി.രഹന എസ്. | 1-4-16 മുതൽ 13-11-16 FN വരെ |
| | ശ്രീ.ദീപു.കെ.എസ്. | 13-11-16 AN മുതൽ 31-3-17 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.ഷംല .എ | 1-4-16 മുതൽ 31-3-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 2-1 |
| 13 | വാടക ഈടാക്കിയിട്ടില്ല | 2-2 |
| 14 | ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 2-3 |
| 15 | വസ്തുനികുതി – സേവന നികുതി – തനത് വരുമാനം വർദ്ധനവിനുള്ള മാർഗ്ഗം ഉപയോഗപ്പെടുത്തുന്നില്ല | 2-4 |
| 16 | ഫിറ്റ്നസ് ഫീസ് ഈടാക്കുന്നില്ല | 2-5 |
| | ഭാഗം 3 | |
| 17 | സംയുക്ത പ്രോജക്ടിനായി ഫണ്ട് കൈമാറൽ - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-1 |
| 18 | സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം -വിനിയോഗ വിവരങ്ങൾ ഇല്ല | 3-2 |

| | | |
|---|---|---|
| 19 | സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകി | 3-3 |
| 20 | എസ്.എസ്.എ. വിഹിതം - 508866/- രൂപ അധികമായി ഒടുക്കി | 3-4 |
| 21 | അനുപൂരക പോഷകാഹാരം - രജിസ്റ്ററിൽ പൊരുത്തക്കേടുകൾ | 3-5 |
| 22 | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ -434023/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | 3-6 |
| 23 | പി.എച്ച്.സി.യിലേക്കും പാലിയേറ്റിവ് കെയർ പദ്ധതിയിലേയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല | 3-7 |
| 24 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ -മാർഗ നിർദ്ദേശങ്ങൾ പാലിച്ചതായി രേഖകളില്ല | 3-8 |
| 25 | അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ, അങ്കണവാടി കെട്ടിട നിർമ്മാണം – വിഹിതം നൽകൽ – പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല | 3-9 |
| 26 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം – സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-10 |
| 27 | എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല | 3-11 |
| 28 | പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗ വിവരങ്ങളോ ഇല്ല.- 540000/- രൂപ തടസ്സം | 3-12 |
| 29 | ഈറ്റ കർഷകർക്ക് ധനസഹായം -വ്യക്തികൾക്ക് ധനസഹായം നൽകി – വാങ്ങൽ വിവരങ്ങൾ ഇല്ല | 3-13 |
| 30 | ഭവന നിർമ്മാണം സ്പിൽ ഓവർ പ്രോജക്ട് - 5 വീടുകളുടെ നിർമ്മാണം | 3-14 |

| | | |
|---|---|---|
| | പൂർത്തിയായിട്ടില്ല | |
| 31 | പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗ വിവരങ്ങളോ ഇല്ല - 100000/- രൂപ തടസ്സം | 3-15 |
| 32 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച -21682145/- നഷ്ടമായി | 3-16 |
| 33 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല | 3-17 |
| 34 | നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നതിലൂടെയും അറ്റകുറ്റപ്പണികൾക്കുള്ള തുക കൂടി കെ.എസ്.ഇ.ബി -യിൽ ഒടുക്കുന്നതിലൂടെയും ഗ്രാമപഞ്ചായത്തിന് നഷ്ടം -1290852/- രൂപ | 3-18 |
| 35 | സർക്കാർ ഉത്തരവിന് വിരുദ്ധമായി എൻ.ആർ.എച്ച്.എം. ദിവസവേതനക്കാർക്ക് തനത് ഫണ്ടിൽ നിന്ന് വേതനം നൽകി.-260700/-രൂപ തടസ്സം | 3-19 |
| 36 | എം.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതിൽ അപാകത | 3-20 |
| 37 | മരാമത്ത് പ്രവൃത്തികൾക്ക് വാങ്ങിയ ടാറിന്റെ അളവിൽ കുറവ് | 3-21 |
| 38 | മരാമത്ത് ബില്ലുകളിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയതിൽ കുറവ് | 3-22 |
| 39 | മരാമത്ത് പ്രവൃത്തികൾ അംഗീകാരം ലഭിച്ചതിൽ 50% ൽ താഴെ മാത്രം പണി പൂർത്തീകരിച്ചു | 3-23 |
| | ഭാഗം 4 | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 49 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 3-3-16 തിയതിയിലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-17 | 26-6-17 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 27-6-17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## ന്യൂനതകളുടെ സംഗ്രഹം

1)വാർഷിക ധനകാര്യ പത്രിക പ്രകാരം പൊതു വിഭാഗം വികസന ഫണ്ട് ചെലവ് 9328365/- രൂപയും, എ.സി.ആർ. പ്രകാരം ചെലവ് 9348375/-രൂപയുമാണ്. 20010/-

രൂപയുടെ വ്യത്യാസം കാണുന്നു.

2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1049867 |
| വരവ് | 60265760 |
| ആകെ | 70415627 |
| ചെലവ് | 51002772 |
| നീക്കിയിരിപ്പ് | 19412855 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9348375 | 9348375 | 9348375 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7215514 | 7215514 | 7215514 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 61632 | 61632 | 61632 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6072521 | 6072521 | 6072521 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1923563 | 1923563 | 1923563 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6375374 | 6375374 | 6375374 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 135150 | 135150 | 135150 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 972579 | 972579 | 921009 | 51570 | 99.8 |
| ബി ഫണ്ട് | 0 | 867240 | 867240 | 867240 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 66447574 | 87 | 34516584 | 3 | 69 | 54.7 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പ്രോജക്ട് നം. 95/17 - തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി.ലൈറ്റ്, ഇലക്ട്രിക്കൽ ഉപകരണം വാങ്ങൽ

2) പ്രോജക്ട് നം. 109/17 – സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീപാഡ് പദ്ധതി

3)പ്രോജക്ട് നം. 111/17 – വായനാക്കൂട്ടം

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 65.96 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3182723 | 5971028 | 2788305 | +87.6 |
| നികുതിയേതര വരവുകൾ | 1271642 | 3172442 | 1900800 | +149.47 |
| മറ്റ് വരവുകൾ | 3528416 | 4105302 | 576886 | +16.34 |
| ആകെ | 7982781 | 13248772 | 5265991 | +65.96 |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 627240 | 714 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 830250 | 92 |
| വിധവാ പെൻഷൻ | 12951180 | 15 |
| വാർദ്ധക്യകാല പെൻഷൻ | 27377655 | 419 |
| വികലാംഗ പെൻഷൻ | 4224405 | 2392 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള ധനസഹായം | 132000 | 1199 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.6.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 877/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ബാങ്ക് ബുക്ക്, റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ അതാത് മാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ പോസ്റ്റിംഗ് വരുത്തുന്നതിൽ വീഴ്ചവരുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.6.17-13.6.17 | 4/17-5/17 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് | 27.9.16-14.10.16 | 2011/12-2015/16 | 15.3.17 |

| ജനറലിന്റെ ഓഡിറ്റ് | | | |
|---|---|---|---|

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

2016-2017 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1)ടി.ഡി.ബി. സെൻട്രൽ സ്കൂൾ, ചക്കുവള്ളി
2015-2016 വർഷം ഒടുക്കിയ തൊഴിൽ നികുതി – 33180/-രൂപ.

2)ത്രിവേണി ഗോഡൗൺ, മയ്യത്തുംകര

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.-4/23-6-17) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-2 വാടക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശാസ്താംനട ഷോപ്പിംഗ് കോംപ്ലക്സിലെ 4-ാം നമ്പർ കടമുറി, ശ്രീ.വിശ്വനാഥൻ, കളീയ്ക്കൽ, ഇടയ്ക്കാട് എന്ന വ്യക്തിയ്ക്ക് 1483/- രൂപ മാസ വാടക നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ടി വ്യക്തിയിൽ നിന്ന് വാടക ഈടാക്കിയിട്ടില്ല. ഇതിലൂടെ തൻ വർഷം 17796/-രൂപ(12X1483) പഞ്ചായത്ത് ഫണ്ടിന് നഷ്ടമായി.

ഇതേ ഷോപ്പിംഗ് കോംപ്ലക്സിലെ 7-ാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ നിന്നും നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. ടി വിവരം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുള്ളതാണ്.

വാടക ഈടാക്കാത്തതിന് വിശദീകരണവും പോസ്റ്റോഫീസിന്റെ വാടക ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23-6-17) 4-ാം നമ്പർ കടമുറിയുടെ വാടക പിഴപ്പലിശ സഹിതം ഈടാക്കുന്നതാണെന്നും 26-5-13 ലെ III/(2)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പോസ്റ്റോഫീസിന്റെ വാടക ഒഴിവാക്കി നൽകിയതാണെന്നും മറുപടി ലഭ്യമാക്കി. നാളിതുവരെയുള്ള പിഴപ്പലിശ സഹിതം 7-ാം നമ്പർ മുറിയുടെ വാടകയും പോസ്റ്റോഫീസിന്റെ വാടകയും ഈടാക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 2-3 ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

2016-2017 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന വ്യാപാരികളിൽ നിന്ന്

ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗം | മുൻ വർഷത്തെ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | I/156 | പ്രവീൺ | ടയർ റീട്രേഡിംഗ് | 300 |
| 2 | I/397 | അച്ചൻകുഞ്ഞ് | ഫർണിച്ചർ നിർമ്മാണവും വിൽപനയും | 500 |
| 3 | I/128 | വിജയൻ | ബാർബർ ഷോപ്പ് | 100 |
| 4 | I/102 | ജോർജ് കുട്ടി | ബേക്കറി | 100 |
| 5 | 1/164 | രാജു | ഹോട്ടൽ | 100 |
| 6 | I/71 | ജോയിക്കുട്ടി | ഇഷ്ടിക കമ്പനി | 1000 |
| 7 | II/76 | ദയാനന്ദൻ | | 200 |
| 8 | II/559 | സജീവ് | ടൈൽസ് നിർമ്മാണം | 400 |
| 9 | III/397 | ശശിധരൻ | പലചരക്ക് വ്യാപാരം | 100 |
| 10 | IV/214 | ശിവരാമൻ | ബേക്കറി | 100 |
| 11 | IV/425 | ബിനു | ബാംബു കർട്ടൻ സ്റ്റോക്ക് ചെയ്ത് വിൽപന | 300 |
| 12 | VI/194 | ശശിധരൻ | എം.സാന്റ് വ്യാപാരം | 500 |

| | | | | |
|---|---|---|---|---|
| 13 | 7/487 | ബിനുലാൽ | ബേക്കറി | 300 |
| 14 | X/24 | റഹിം | പലചരക്ക് വ്യാപാരം | 300 |
| 15 | XI/404 | നൗഷാദ് | മെത്തവ്യാപാരം | 500 |
| 16 | 13/440 | നിസാറുദ്ദീൻ | ഫർണിച്ചർ വ്യാപാരം | 500 |
| 17 | 13/435 | ഷെീക്ക് മുഹമ്മദ് | ഗ്രാനൈറ്റ്, ടൈൽസ് ഷോറും | 500 |
| 18 | 13/500 | ബഷീർ റാവുത്തർ | ബാംബു കർട്ടൻ വിൽപന | 500 |
| 19 | 13/244 | മനോജ് | കോൺക്രീറ്റ് നിർമ്മാണം | 500 |
| 20 | 13/441 | അഹമ്മദ് കുട്ടി | ബേക്കറി,ഫ്രൂട്ട് സ്റ്റാൾ | 200 |
| 21 | 13/501 | ഷാജി | കശ്ശുവണ്ടി സംസ്കരണം | 500 |
| 22 | 13/447 | ബഷീർ കുട്ടി | റൈസ് മിൽ | 200 |
| 23 | 14/152 | നൂർമുഹമ്മദ് | അപ്ഹോൾസ്റ്ററി വർക്സ് | 300 |
| 24 | 14/317 | രാധാകൃഷ്ണ പിള്ള | പ്രസ്സ് നടത്തുന്നത് | 500 |
| 25 | 14/819 | മുഹമ്മദ് റാഫി | ഹോളോബ്രിക്സ് | 1000 |
| 26 | 14/812 | ഷിജാർ | പച്ചക്കറി വ്യാപാരം | 500 |
| 27 | 14/357 | മുഹമ്മദ് ഷെഫീക്ക് | റിന്യൂവെബിൾ എനർജി പ്രോഡക്ട്സ് | 500 |

| | | | | |
|---|---|---|---|---|
| 28 | 14/844 | ഷിബു ഷരീഫ് റാവുത്തർ | കശുവണ്ടി സ്റ്റോക്ക് | 1000 |
| 29 | 14/76-82 | ലിയാഖത്ത് | കശുവണ്ടി സംസ്കരണം | 2000 |
| 30 | 14/669 | അനിൽ കുമാർ | ഫർണിച്ചർ വ്യാപാരം | 500 |
| 31 | 15/207 | ഇബ്രാഹിം കുട്ടി | പലചരക്ക് വ്യാപാരം | 100 |
| 32 | 18/83 | വിശ്വനാഥൻ | ഫാൻസി സ്റ്റോർ | 200 |
| 33 | 18/320 | ശിവൻപിള്ള | സ്റ്റേഷനറി | 200 |
| 34 | 18/336 | ഉമേഷ് കുമാർ | കേബിൾ നടത്തിപ്പ് | 500 |
| 35 | 17/174 | അയബാലൻ | സോമിൽ | 200 |
| ആകെ | | | | 15200 |

ടി വ്യാപാരികളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-6-17) ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ലൈസൻസില്ലാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കേണ്ടതും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി -സേവന നികുതി-തനത് വരുമാനം വർദ്ധനവിനുള്ള മാർഗ്ഗം ഉപയോഗപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതി സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 26 ൽ 2011 ഏപ്രിൽ മുതൽ ഏതൊരു കെട്ടിട ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ 10% ൽ കുറയാത്ത സേവന ഉപനികുതി ഈടാക്കാവുന്നതാണ് എന്ന് അനുശാസിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും മേൽ സേവനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സേവന നികുതി ഈടാക്കി കാണുന്നില്ല. ആയത് ഇടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 2-5 ഫിറ്റ്നസ് ഫീസ് ഈടാക്കുന്നില്ല

2015-2016 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് ഫീസ് ഈടാക്കിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന തനത് വരുമാനം നഷ്ടമായിട്ടുണ്ട്. പൊതു വിദ്യാഭാസ വകുപ്പിന്റെ സ.ഉ(സാധാ)2427/2007/1-08-2007 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധിച്ച് ഫീസ് ഈടാക്കി ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടത് ആ സ്ഥാപനത്തിലെ എഞ്ചിനീയറിങ്ങ് വിഭാഗമാണ്. അതിനാൽ ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച -21682145/- നഷ്ടമായി

വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ഗ്രാമ പഞ്ചായത്തിന് തൻ വർഷം 21682145/-രൂപ നഷ്ടമായി.

സാമൂഹിക നീതിയും സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 13006929 | 9348375 | 3658554 |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 9486462 | 7215514 | 2270948 |
| 3 | വികസന ഫണ്ട് (പട്ടികവർഗ ഉപ പദ്ധതി) | 61632 | 61632 | 0 |

| | | | | |
|---|---|---|---|---|
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7293748 | 6375374 | 918374 |
| 5 | കെ.എൽ.ജി.എസ്.ഡി.പി. | 4384086 | 135150 | 4248936 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 3683469 | 1923563 | 1759906 |
| 7 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 14897958 | 6072521 | 8825437 |
| ആകെ | | | | 21682155 |

1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കും പ്രകാരം വികേന്ദ്രീകൃതാ- സൂത്രണത്തിന്റെ സത്തയുൾക്കൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കുവാനും ബജറ്റ് തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയ ബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ച് നൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ചെലവഴിക്കുവാനും ഉദ്യോഗസ്ഥരും ഭരണ സമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുമാണ്.

**3-2** <u>സർക്കാർ ഉത്തരവിന് വിരുദ്ധമായി എൻ.ആർ.എച്ച്.എം.ദിവസവേതനക്കാർക്ക് തനത് ഫണ്ടിൽ നിന്ന് വേതനം നൽകി-**240600/-**രൂപ തടസ്സം</u>

എൻ.ആർ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന ആശുപത്രികളിൽ നിയമിക്കപ്പെടുന്ന ഫാർമസിസ്റ്റ്, പാർട്ട് ടൈം സ്വീപ്പർ മുതലായ ജീവനക്കാർക്ക് എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്ന് വേതനം നൽകണമെന്ന് 28.12.2012 ലെ ജി.ഒ.(ആർ.ടി.)3604/2012/എൽ.എസ്.ജി.ഡി. ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ ഹോമിയോ ഡിസ്പെൻസറി(എൻ.ആർ.എച്ച്.എം.)-ലെ ഫാർമസിസ്റ്റ്, പാർട്ട് ടൈം സ്വീപ്പർ എന്നീ ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്ന് വേതനം നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഫാർമസിസ്റ്റ് | | പാർട്ട് ടൈം സ്വീപ്പർ | |
|---|---|---|---|---|
| | വൗച്ചർ നം/ തീയതി | തുക | വൗച്ചർ നം/ തീയതി | തുക |

| | | | | |
|---|---|---|---|---|
| ഏപ്രിൽ-2016 | 21600021/ 5.4.16 | 10500 | 21600022/ 5.4.16/ | 3000 |
| മേയ് -2016 | 21600089/ 3.5.16 | 19600 | 21600090/ 3.5.16 | 2900 |
| ജൂൺ-2016 | 21600145/ 1.6.16 | 19600 | 21600146/ 1.6.16 | 3000 |
| ജൂലൈ -2016 | 21600230/ 4.7.16 | 19600 | 21600231/ 4.7.16 | 2900 |
| ആഗസ്റ്റ്-2016 | 21600292/ 5.8.16 | 19600 | 21600321/ 16.8.16 | 3000 |
| സെപ്റ്റംബർ-2016 | 21600390/ 3.9.16 | 19600 | 21600391/ 3.9.16 | 3000 |
| ഒക്ടോബർ-2016 | 21600492/ 3.10.16 | 18900 | 21600493/ 3.10.16 | 2800 |
| നവംബർ-2016 | 21600576/ 4.11.16 | 19600 | 21600577/ 4.11.16 | 3000 |
| ഡിസംബർ-2016 | 21600624 2.12.16/ | 19600 | 21600625/ 2.12.16 | 2900 |
| ജാനവരി-2017 | 21600733 | 19600 | 21600734/ | 2500 |

| | | | | |
|---|---|---|---|---|
| | 3.1.17/ | | 3.1.17 | |
| ഫെബ്രുവരി-2017 | - | - | 21600823/ 8.2.17 | 3000 |
| മാർച്ച്-2017 | 21600908/ 2.3.17 | 19600 | 21600909/ 2.3.17 | 2800 |
| ആകെ | | 205800 | | 34800 |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി നൽകിയ 28-6-16 ലെ 18-ാം നമ്പർ എൻക്വയറിക്ക് തുക എൻ.ആർ.എച്ച്.എം.-ൽ നിന്ന് തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക എൻ.ആർ.എച്ച്.എം.ൽ നിന്ന് തിരികെ ഈടാക്കി 240600/-രൂപയുടെ(205800+34800) തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 നിലവിലില്ലാത്ത സാധാരണ ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നതിലൂടെയും അറ്റകുറ്റപ്പണികൾക്കുള്ള തുക കൂടി കെ.എസ്.ഇ.ബി-യിൽ ഒടുക്കുന്നതിലൂടെയും ഗ്രാമപഞ്ചായത്തിന് 1290852/ രൂപ നഷ്ടം

ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്ത സാധാരണ ബൾബുകൾ ഉൾപ്പടെ, പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള തുക പരിഷ്കരിച്ച നിരക്കിൽ കെ.എസ്.ഇ.ബി-യിൽ ഒടുക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളായി സാധാരണ ബൾബുകൾ ഉപയോഗിക്കുന്നില്ല. തെരുവ് വിളക്കുകളുടെ പരിപാലനച്ചുമതല സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ച് തൊഴിൽക്കൂലി നൽകുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ടിനായി(പ്രോജക്ട് നം. 94/17 )തനത് ഫണ്ടിൽ നിന്ന് 22400/-രൂപ 23.3.17-ലെ വൗച്ചർ നം. 2160100 പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രതിദിനം 700/- നിരക്കിൽ 2 ഇലക്ട്രീഷ്യൻമാർക്ക് നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകൾ സംബന്ധമായി കെ.എസ്.ഇ.ബി- നൽകിയിട്ടുള്ള താരിഫ് ചാർട്ടും തെരുവ് വിളക്കുകൾക്കായി കെ.എസ്.ഇ.ബി യിൽ ഒടുക്കുന്ന തുകകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വാട്ട് |
|---|---|---|---|
| 1 | സാധാരണ ബൾബ് | 54 | 40 |
| 2 | സാധാരണ ബൾബ് | 630 | 60 |
| 3 | ഫ്ളൂറസന്റ് ട്യൂബ് | 157 | 80 |
| 4 | ഫ്ളൂറസന്റ് ട്യൂബ് | 273 | 40 |
| 5 | സി.എഫ്.എൽ. | 46 | 2x18 |
| 6 | സി.എഫ്.എൽ. | 566 | 2x11 |

| മാസം | തുക | വൗച്ചർ നമ്പർ/തീയതി |
|---|---|---|
| ഏപ്രിൽ-2016 | 107571 | 21600020/5-4-16 |
| മേയ് -2016 | 107571 | 21600091/5-5-16 |
| ജൂൺ-2016 | 107571 | 21600158/8-6-16 |
| ജൂലൈ -2016 | 107571 | 21600229/7-7-16 |
| ആഗസ്റ്റ്-2016 | 107571 | 21600297/8-8-16 |

| | | |
|---|---|---|
| സെപ്റ്റംബർ-2016 | 107571 | 21600384/6-9-16 |
| ഒക്ടോബർ-2016 | 107571 | 21600488/6-10-16 |
| നവംബർ-2016 | 107571 | 21600579/7-11-16 |
| ഡിസംബർ-2016 | 107571 | 21600635/8-12-16 |
| ജാനുവരി-2017 | 107571 | 21600744/11-1-17 |
| ഫെബ്രുവരി-2017 | 107571 | 21600825/8-2-17 |
| മാർച്ച്-2017 | 107571 | 21600919/7-3-17 |
| ആകെ | 1290852 | |

തെരുവ് വിളക്കുകൾക്ക് ആവശ്യമായ ബൾബ്, ട്യൂബ്, ചോക്ക്, ഹോൾഡർ, സ്റ്റാർട്ടർ മുതലായവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന സാഹചര്യത്തിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഊർജ്ജ വകുപ്പ് 22.3.1997 ൽ പുറപ്പെടുവിച്ച സ.ഉ(എം.എസ്)നം.13/97/പി.ഡി ഉത്തരവിന്റെ തുടർച്ചയായി തെരുവു വിളക്കുകൾക്കുള്ള താരിഫ് നിശ്ചയിച്ചു കൊണ്ട് കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 12/1/98 ലെ ബി.ഒ(നം) 106/98/(പ്ലാനിംഗ് കൊമേഴ്സ്യൽ 3515/98) ഉത്തരവിൽ തെരുവ് വിളക്കുകൾക്കുള്ള എനർജി ചാർജ്, വൈദ്യുത ലൈൻ പരിപാലന ചെലവ്, കണക്റ്റിംഗ് വയർ, തെരുവ് വിളക്കുകൾ മാറ്റിയിടൽ, തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള തൊഴിൽക്കൂലി മുതലായവ താരിഫിൽ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കുകൾക്ക് കാലകാലങ്ങളിൽ വർദ്ധനവ് വരുത്തി കെ.എസ്.ഇ.ബി. ഈടാക്കിക്കൊണ്ടിരിക്കുന്നു. തൊഴിൽക്കൂലി ഉൾപ്പെടെ താരിഫിൽ ഉൾചേർന്നിരിക്കുന്നതായി വ്യക്തമാക്കിയിരുന്ന ഒരു ഘടകവും പുതുക്കിയ നിരക്ക് നിർണയത്തിൽ ഒഴിവാക്കിയിട്ടില്ല.

തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ ഏജൻസികൾക്ക് തൊഴിൽക്കൂലി നൽകുകയും ഒപ്പം തന്നെ തെരുവ് വിളക്കുകൾക്കുള്ള താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുള്ള തൊഴിൽ കൂലി കെ.എസ്.ഈ.ബി.യിൽ

ഒടുക്കുകയും ചെയ്യുന്നത് ക്രമരഹിതമാണ്.

തെരുവു വിളക്കുകൾക്കുള്ള താരിഫ് ഇനത്തിൽ നിലവിൽ 40 വാട്ടിന്റെ 54-ഉം, 60 വാട്ടിന്റെ 630-ഉം സാധാരണ ബൾബുകൾക്കായുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ സാധാരണ ബൾബുകൾ വാങ്ങിയതായോ അത്തരം ബൾബുകൾ അറ്റകുറ്റപ്പണി നടത്തിയതായോ കാണുന്നില്ല.

കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്ത പരിശോധന നടത്തി ബൾബുകളുടെ എണ്ണവും തരവും നിശ്ചയിക്കുന്നതിനും തദനുസൃതമായി തെരുവു വിളക്കുകൾക്കുള്ള തുക ഒടുക്കു വരുത്തുന്നതിനും തൊഴിൽ കൂലി ഇനത്തിൽ സ്വകാര്യ വ്യക്തികൾക്ക് കരാർ നൽകി തെരുവ് വിളക്കുകളുടെ പരിപാലനച്ചുമതല ഏൽപിച്ചിരിക്കുന്നതിനാൽ തെരുവ് വിളക്കുകൾക്കുള്ള താരിഫിൽ നിന്ന് തൊഴിൽ കൂലി ഇനത്തിലുള്ള തുക ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 എസ്.എസ്.എ. വിഹിതം - 508866/- രൂപ അധികമായി ഒടുക്കി

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം എന്ന പ്രോജക്ടിനായി(പ്രോജക്ട് നം. 9/16-17) 1189000/-രൂപ ചുവടെ ചേർക്കും പ്രകാരം പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസറുടെ പേരിൽ നൽകിയിട്ടുണ്ട്.

| ബിൽ നം./ തീയതി | ഫണ്ടിനം | തുക |
|---|---|---|
| 1/16-17/7.11.16 | വികസന ഫണ്ട് | 400000 |
| 3/16-17/27.3.17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15000 |
| 4/16-17/29.3.17 | വികസന ഫണ്ട് | 774000 |
| ആകെ | | 1189000 |

പ്രസ്തുത തുകയുടെ സാധുത വ്യക്തമാക്കുന്ന ഫിസിക്കൽ & ഫിനാൻഷ്യൽ പ്രൊഫോർമ

ആവശ്യപ്പെട്ടുകൊണ്ട് 21.6.17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 2-നെത്തുടർന്ന് ഹാജരാക്കിയ ഫിസിക്കൽ & ഫിനാൻഷ്യൽ പ്രൊഫോർമ പ്രകാരം എസ്.എസ്.എ. ആവശ്യപ്പെട്ടിട്ടുള്ള വിഹിതം 680134/-രൂപ മാത്രമാണ്. പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ട് എന്നും അധികമായി 508866/- രൂപ ഒടുക്കിയെന്നും വ്യക്തമാക്കിക്കൊണ്ടുള്ള വിനിയോഗ സാക്ഷ്യപത്രവും എസ്.എസ്.എ. നൽകിയിട്ടുണ്ട്.

എസ്.എസ്.എ. വിഹിതമിനത്തിൽ അധികമായി ഒടുക്കിയ 508866/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക തിരികെ ഈടാക്കിയോ തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിച്ചോ തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-5 അനുപൂരക പോഷകാഹാരം- രജിസ്റ്ററിൽ പൊരുത്തക്കേടുകൾ

സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥ ആയി നടപ്പിലാക്കിയ അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ട് (നമ്പർ 37/17) പ്രകാരം വിവിധ അങ്കണവാടികൾക്ക് വാങ്ങി വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിൻറെയും ഇതര ഭക്ഷ്യ ധാന്യങ്ങളുടെയും ചുവടെ ചേർക്കുന്ന തീയതികളിലെ വരവ് വിതരണം എന്നിവ സംബന്ധമായി ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വിവിധ അങ്കണവാടികളിലെ രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഭക്ഷ്യ ധാന്യം | വിതരണ തീയതി | അളവ് (കി.ഗ്രാം) | വില (രൂപ) | കടത്തു കൂലി (രൂപ) | രസീത് നമ്പർ തീയതി | ബിൽ നമ്പർ (തീയതി) | ബിൽ തുക | കുറിപ്പു കൾ |
|---|---|---|---|---|---|---|---|---|
| ടി.എച്ച്. ആർ.എസ്. | ലഭ്യമല്ല | 140 @56/kg | 7840 | 196 | 131/30.4.16 | ചെക്ക് (സെൻട്രൽ ഷെയർർ) | 493485 | ഐ.സി.ഡി. എസ്. സൂപ്പർ വൈസറുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടു ത്തൽ ഇല്ല. |
| ഡബ്ല്യു. ബി.എൻ. പി. ഗോതമ്പ് | 20.7.16 | 7875 | ഇല്ല | 11025 | 1633/5.7.16 | ചെക്ക് (സെൻട്രൽ ഷെയർ) | 493485 | ഐ.സി. ഡി.എസ്. സൂപ്പർവൈ സറുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററിൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | രേഖ പ്പെടുത്തൽ ഇല്ല. |
| റവ | 17.2.17 | 1575 @52.80/kg | 83160 | 2549 | 16138/17.2.17 | 8/16-17/ 16.1.17 | 768400 | ഐ.സി. ഡി.എസ്. സൂപ്പർ വൈസറുടെ സ്റ്റോക്ക് വിതരണ രജി സ്റ്ററിലെ രേഖ പ്പെടുത്തൽ പ്രകാരം അങ്കണ വാടി നം. 44 ന് 75കി.ഗ്രാം. റവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അങ്കണ വാടി രജിസ്റ്ററിലെ രേഖപ്പെ ടുത്തൽ പ്രകാരം 50കി.ഗ്രാം. റവ മാത്ര മാണ് ലഭ്യമാ യിട്ടുള്ളത്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| റാഗി പ്പൊടി | 31.10.16 | 1340 @44.94/kg | 60219 | 2979 | | | | ഐ.സി. ഡി.എസ്. സൂപ്പർ വൈസറുടെ സ്റ്റോക്ക് വിതരണ രജിസ്റ്റ റിലെ രേഖ പ്പെടുത്തൽ പ്രകാരം അങ്കണ വാടി നം. 39ന് റാഗി പ്പൊടി വിതരണം ചെയ്തിട്ടില്ല. എന്നാൽ അങ്കണ വാടി രജിസ്റ്ററിലെ രേഖപ്പെ ടുത്തൽ പ്രകാരം 40കി.ഗ്രാം. റാഗിപ്പൊടി ലഭ്യമായിട്ടു ള്ളതായും വിതരണം ചെയ്തതായും കാണുന്നു. |

കേവലം 5 അങ്കണവാടികളുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും ലഭ്യമായ ഭക്ഷ്യ ധാന്യങ്ങൾ സംബന്ധമായി അങ്കണവാടികളിലെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമാകുന്നു. മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 26-6-17 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി വെൽഫെയർ കമ്മിറ്റികൾക്ക് പുറമെ ഗ്രാമസഭാ അംഗങ്ങളിൽ നിന്നും 5 പേർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും ഈ കമ്മിറ്റി, മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിച്ച് പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഭക്ഷണത്തിന്റെ ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. അങ്കണവാടി പോഷകാഹാര വിതരണം കുറ്റമറ്റതാക്കുവാൻ വാർഡ് ജനപ്രതിനിധികൾ അങ്കണാടികളിൽ കൂടെക്കൂടെ സന്ദർശനം നടത്തണമെന്നും അങ്കണവാടിക്കുട്ടികളുടെ കണക്കെടുത്ത്(ബയോമെട്രിക് ഐഡൻറിഫിക്കേഷൻ/നേരിട്ട് എണ്ണം തിട്ടപ്പെടുത്തി ) അതിൻ പ്രകാരം മാത്രം തുക വകയിരുത്തണമെന്നും പോഷക പ്രാധാന്യമുള്ള ഭക്ഷണം പ്രദാനം ചെയ്യേണ്ടതുമാണ്. അങ്കണവാടികളുടെ പോഷകാഹാര വിതരണം സംബന്ധമായി 16.11.2013 ലെ സ.ഉ.(എം.എസ്.) നം. 362/2013 / തസ്വഭവ, 11.01.2016 ലെ. സ.ഉ.എം.എസ്. നമ്പർ 4/16/ തസ്വഭവ ഉത്തരവുകളിലെ മേൽ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നത് സംബന്ധമായും രജിസ്റ്ററുകളിലെ ക്രമരാഹിത്യങ്ങൾ സംബന്ധമായും നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ-434023/-രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി (നം. 43/17) 13-2-17ലെ ബിൽ നം.69/16-17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് പിൻവലിച്ച 5,00,000/-രൂപ ഔഷധിയിൽ ഒടുക്കിയെങ്കിലും ഇൻവോയ്സ് നം.2361/28.3.17 പ്രകാരമുള്ള 65977/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 26-6-17 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾക്കായി ഔഷധിയിൽ ഒടുക്കിയതിൽ ശേഷിക്കുന്ന 434023/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരങ്ങൾ അറിയിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം

ഒഴിവാക്കേണ്ടതുമാണ്.

## 3-7 പി.എച്ച്.സി.യിലേക്കും പാലിയേറ്റീവ് കെയറിനുമുള്ള മരുന്നുകൾ ലഭ്യമായില്ല

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 58/17), പാലിയേറ്റീവ് കെയർ(പ്രോജക്ട് നം. 10/17)എന്നീ പ്രോജക്ടുകൾക്കായി 221858/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര്/ ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നം./ തീയതി | മരുന്നിനായി ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 58/17<br>പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ (എം.ജി.എൻ.ആർ.) | 98940 | 98940 | 3/16-17<br>10.12.17 | 98940 |
| 2 | 10/17<br>പാലിയേറ്റീവ് കെയർ (വികസന ഫണ്ട്) | 400000 | 124811 | 4/16-17<br>11.3.17 | 99511 |
| 3 | 10/17<br>പാലിയേറ്റീവ് കെയർ (വികസന ഫണ്ട്) | 400000 | 82737 | 5/16-17<br>28.3.17 | 23407 |
| ആകെ | | | | | 221858 |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 26-6-17 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് മറുപടി നൽകിയിട്ടില്ല.

മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയ 221858/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ -മാർഗ നിർദ്ദേശങ്ങൾ പാലിച്ചതായി രേഖകളില്ല

തെരുവ് വിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിലേക്ക് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി. തെരുവ്

വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ടിനായി(പ്രോജക്ട് നം. 94/17) ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ 400000/- രൂപയും തനത് ഫണ്ടിൽ നിന്നും 415000/- രൂപയും ഉൾപ്പെടെ 815000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും 8.3.17- ലെ ബിൽ നം. 8058/16/29.3.17-ലെ ബിൽ നം. 8060/16 എന്നിവ പ്രകാരം യഥാക്രമം 54972/- രൂപയും 330960/-രൂപയും ചെലവഴിച്ച് തെരുവ് വിളക്കുകൾക്കുള്ള ഉകരണങ്ങളും അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളും വാങ്ങുകയും തനത് ഫണ്ടിൽ നിന്നും 23.3.17-ലെ ബിൽ നം. 1098110(വൗച്ചർ നം. 21601006/23.3.17) പ്രകാരം 22400/-രൂപ പിൻവലിച്ച് ഇലക്ട്രീഷ്യൻമാർക്കുള്ള വേതനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15 നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

ഗ്രാമ പഞ്ചായത്ത് മുഴവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗ രേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കി കെ.എസ്.ഇ.ബി. കടമ്പനാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വാട്ട് |
|---|---|---|---|
| 1 | സാധാരണ ബൾബ് | 54 | 40 |
| 2 | സാധാരണ ബൾബ് | 630 | 60 |
| 3 | ഫ്ളൂറസന്റ് ട്യൂബ് | 157 | 80 |
| 4 | ഫ്ളൂറസന്റ് ട്യൂബ് | 273 | 40 |
| 5 | സി.എഫ്.എൽ. | 46 | 2x18 |
| 6 | സി.എഫ്.എൽ. | 566 | 2x11 |

എന്നാൽ 20w-ന്റെ 2100 സി.എഫ്.എൽ. 36w-ന്റെ 700 ഫ്ളൂറസന്റ് ട്യൂബുകളുമാണ് അറ്റകുറ്റപ്പണികൾക്കായി വാങ്ങിയിട്ടുള്ളത്. താരിഫ് ചാർട്ട് പ്രകാരം 684(630+54)

സാധാരണ ബൾബുകൾ ഉള്ളതായി കാണുന്നുവെങ്കിലും പ്രസ്തുത ഇനം വാങ്ങിയിട്ടില്ല.

ദിവസ വേതനാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യൻമാരെ നിയമിക്കുമ്പോൾ പ്രതിദിനം 15-നും 25-നും ഇടയ്ക്ക് തെരുവ് വിളക്കുകൾ ഒരാൾ മാറ്റി സ്ഥാപിക്കണമെന്ന് മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കുന്നു. ആയത് സംബന്ധമായ രേഖകളില്ല. ഇലക്ട്രീഷ്യൻമാരെ ഇൻഷ്വർ ചെയ്യണമെന്ന മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

16 ദിവസത്തേക്ക് 2 ഇലക്ട്രീഷ്യൻമാർക്കായി 700/- രൂപ നിരക്കിൽ 22400/- രൂപ വേതനം നൽകിയതായി കാണുന്നു. 16 ദിവസം കൊണ്ട് 252 ലൈറ്റുകൾ റിപ്പയർ ചെയ്യാൻ ഫയൽ കുറിപ്പുണ്ടെങ്കിലും 138 പോസ്റ്റുകളിലെ ലൈറ്റുകൾ റിപ്പയർ ചെയ്തതിന്റെ സാക്ഷ്യപത്രങ്ങൾ മാത്രമാണ് (ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ നൽകിയത്) ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചതായോ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ്' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ചതായോ കാണുന്നില്ല.

മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 27-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14-ന് രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും സി.എഫ്.എൽ. സ്ഥാപിക്കുന്നതിനാലാണ് സാധാരണ ബൾബുകൾ വാങ്ങാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്കായുള്ള ഉപകരണങ്ങൾ വാങ്ങിയതിന്റെ സാധുതയും പരിപാലനം നടത്തിയതിന്റെ കൃത്യതയും വ്യക്തമാക്കുന്ന രേഖകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 408332/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-9 അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ, അങ്കണവാടി കെട്ടിട നിർമ്മാണം -വിഹിതം നൽകൽ - പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനാർത്ഥം സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾക്കായി 988210/- രൂപ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിൽ ഒടുക്കിയെങ്കിലും പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% മാത്രമേ മുൻകൂർ നൽകാൻ പാടുള്ളൂ എന്ന 30.7.14 ലെ ജി.ഒ.(പി) നം.311/14/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | വകയിരുത്തിയ തുക /ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./ തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 4/17- അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷൻ | 382450 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) | 382450 | 8056/16/ 8.3.17 | പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിൽ ഒടുക്കി. |
| | | 25760 (ധനകാര്യ കമ്മീഷൻ അവാർഡ്) | 25760 | വൗച്ചർ നം. 51600758/ 6.3.17 | |
| 2 | 167/17- അങ്കണവാടി നം. 40 കെട്ടിട നിർമ്മാണം- പഞ്ചായത്ത് വിഹിതം നൽകൽ | 580000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 580000 | 8063/16/ 29.3.17 | പി.ഡബ്ള്യു .ഡി. ബിൽഡിംഗ് സെക്ഷനിൽ ഒടുക്കി. |
| | | | 988210 | | |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 27-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14-ന് അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷനും അങ്കണവാടി കെട്ടിട നിർമ്മാണവും പൂർത്തിയാക്കി ഓഡിറ്റിൽ വിവരം അറിയിക്കുന്നതാണെന്ന് മറുപടി

നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച 988210/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-10 പതിനാലാം ധനകാര്യ കമ്മീഷൻഗ്രാന്റ് വിനിയോഗം-സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നതെന്നും കുടിവെള്ള വിതരണം, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം, സാമൂഹിക ആസ്തികളുടെ സംരക്ഷണവും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണവും പരിപാലനവും, തെരുവ് വിളക്കുകളുടെ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ എന്നീ അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപ പദ്ധതി ഓരോ ഗ്രാമ പഞ്ചായത്തുകളും തയ്യാറാക്കണമെന്നും, ഓരോ വർഷവും ഏതെങ്കിലും ഒരു അടിസ്ഥാന സേവനത്തിന് മുൻഗണന നൽകണമെന്നും അതിന് വേണ്ടി കൂടിയ തോതിൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണമായി പരിഹരിക്കണമെന്നും 11.1.16-ലെ സ.ഉ.(എം.എസ്.)നം.4/16/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച് മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ കാർഷിക, മൃഗ സംരക്ഷണ മേഖലകളിലും ഹോണറേറിയം നൽകുന്നതിനും(അങ്കണവാടി വർക്കർ/ഹെൽപ്പർ) സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം നൽകുന്നതിനും, എസ്.എസ്.എ. വിഹിതം ഒടുക്കാനും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതായും കാണുന്നു.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 27-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14-ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് വരും വർഷങ്ങളിൽ അടിസ്ഥാന സേവനത്തിന് മുൻഗണന നൽകി പദ്ധതി ആസൂത്രണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് ഫണ്ട് വിനിയോഗിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. 53/17 ) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 75000/-രൂപ വകയിരുത്തുകയും 16.1.17 ലെ ബിൽ നം. 8055/16 പ്രകാരം 75000/- രൂപ ഹോംകോയ്ക്ക് നല്കുകയും ചെയ്തു. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 27-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന് മരുന്നുകൾ ഉടൻ ലഭിക്കുന്നതാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഹോംകോയിൽ ഒടുക്കിയ 75000/- രൂപ തടസ്സ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## **3-12** പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗ വിവരങ്ങളോ ഇല്ല- **540000/-**രൂപ തടസ്സം

പി.എം.എ.വൈ.യിലേക്ക് പോരുവഴി ഗ്രാമ പഞ്ചായത്തിൽ നിശ്ചയിക്കപ്പെട്ട എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം 12 ആണെന്നും ഗുണഭോക്താവൊന്നിന് 45000/- രൂപ നിരക്കിൽ 12 ഗുണഭോക്താക്കൾക്കായി 540000/-രൂപ ഒടുക്കണമെന്നും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടു. ആയതിനെത്തുടർന്ന് അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം(നം.s0142/16-17) പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 21.2.17-ലെ ബിൽ നം. 10/16-17 പ്രകാരം 540000/-രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ വിവരങ്ങളോ തുകയുടെ വിനിയോഗ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.6.17) മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ വിവരങ്ങളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കി 540000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-13** ഈറ്റ കർഷകർക്ക് ധനസഹായം -വ്യക്തികൾക്ക് ധനസഹായം നൽകി - വാങ്ങൽ വിവരങ്ങൾ ഇല്ല

അസ്സിസ്റ്റന്റ് സെക്രട്ടറി നർവഹണം നടത്തിയ ഈറ്റ കർഷകർക്ക് ധനസഹായം എന്ന പ്രോജക്ടിനായി(നം.136/17) പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 29.3.17-ലെ ബിൽ നം. 12/16-17 പ്രകാരം 100000/- രൂപ പിൻവലിച്ച് 20 വ്യക്തികളുടെ അക്കൗണ്ടിലേക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്.

പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനത്തിനായി ഒരംഗത്തിന് പരമാവധി 5000/- രൂപ നിരക്കിൽ ഗ്രൂപ്പിന് പരമാവധി 25000/- രൂപ നൽകാമെന്നും കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് രൂപീകരിക്കണമെന്നും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ സഹായം ഗ്രൂപ്പിന് നൽകാവുന്നതാണെന്നും 11.1.16 ലെ സ.ഉ.(എം.എസ്സ്.)നം.4/16/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ ധനസഹായം വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. വ്യക്തികളോ ഗ്രൂപ്പുകളോ അസംസ്കൃത വസ്തുക്കൾ വാങ്ങിയതായി വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതകളിൻമേലുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.6.17) നമ്പർ മറുപടി ലഭ്യമാക്കിയില്ല.

മതിയായ രേഖകൾ ഓഡിറ്റിന് ഹാജരാക്കി 100000/-രൂപയുടെ തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 3-14 ഭവന നിർമ്മാണം സ്പിൽ ഓവർ പ്രോജക്ട് - 5 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല

പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന മാർഗ്ഗ നിർദ്ദേശം പാലിച്ച് ഭവന നിർമ്മാണ പദ്ധതി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ല.

വി.ഇ.ഒ.നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ആയി നടപ്പിലാക്കിയ ഭവന നിർമ്മാണം എന്ന പ്രോജക്ടിനായി(പ്രോജക്ട് നം.25/16-17) തൻ വർഷം തനത് ഫണ്ടിൽ നിന്നും 740000/-രൂപ വകയിരുത്തിയെങ്കിലും തൻ വർഷം 300000/-രൂപ മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|
| 21600355/30.8.16 | 1969411/30.8.16 | 200000 |
| 21600526/24.10.16 | 1969418/24.10.16 | 30000 |
| 21600876/21.2.17 | 1969426/21.2.17 | 70000 |
| ആകെ | | 300000 |

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തികരിക്കുവാൻ ആവശ്യമായ മുഴവൻ തുകയും വകയിരുത്തി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല എന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | മുൻ വർഷം കൈപ്പറ്റിയ തുക | തൻ വർഷം കൈപ്പറ്റിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.സിന്ധുബാബു, ബാബു ഭവനം, ഇടയ്ക്കാട് | 120000 | 40000 | 1969411/ 30.8.16 |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.മേരിക്കുട്ടി,<br>സാബു ഭവനം,<br>ഇടയ്ക്കാട് | 160000 | 30000 | 1969421/<br>21.2.17 |
| 3 | ശ്രീ.തോമസ്,<br>വാലുതുണ്ടിൽ,<br>ഇടയ്ക്കാട് | 60000 | - | - |
| 4 | ശ്രീ. സജീവ്,<br>പാലവിളയിൽ,<br>കമ്പലടി | 16000 | - | - |
| 5 | ശ്രീമതി.ഷിംല,<br>കോടം തുണ്ടിൽ<br>പടിഞ്ഞാറ്റതിൽ | 19000 | - | - |

ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ 3 ഗുണഭോക്താക്കൾ തൻ വർഷം യാതൊരു പ്രവർത്തിയും ചെയ്തിട്ടില്ല എന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് 11.1.16-ലെ സ.ഉ.(എം.എസ്സ്.)നം.4/16/ത.സ്വ.ഭ.വ. മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ ഭവന പൂർത്തീകരണത്തിനോ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കെതിരെയോ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗ വിവരങ്ങളോ ഇല്ല.- 100000/- രൂപ തടസ്സം

പി.എം.എ.വൈ.യിലേക്ക് പോരുവഴി ഗ്രാമ പഞ്ചായത്തിൽ നിശ്ചയിക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം 5 ആണെന്ന് വ്യക്തമാക്കി ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് നൽകിയ 22.2.17-ലെ എസ്4-3021/17 -ാം നമ്പർ കത്തിൽ

വ്യക്തമാക്കിയതിനെ തുടർന്ന് വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം (നം. 51/16-17) വികസന ഫണ്ടിൽ നിന്നും 100000/-രൂപ 30.3.17-ലെ ബിൽ നം. 31/16-17 പ്രകാരം പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ വിവരങ്ങളോ തുകയുടെ വിനിയോഗ വിവരങ്ങളോ ലഭ്യമല്ല.

മേൽ സൂചന അപാകതകളിന്മേലുള്ള ഓഡിറ്റ് എൻക്വയറിക്ക്(നം. 16/28.6.17) നമ്പർ മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ വിവരങ്ങളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കി 100000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 സംയുക്ത പ്രോജക്ടിനായി ഫണ്ട് കൈമാറൽ - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്ന ശേഷിയുള്ളവർക്ക് സൈഡ് വീലോഡുകൂടിയ സ്കൂട്ടർ - പഞ്ചായത്ത് വിഹിതം, എന്ന പദ്ധതിയ്ക്കായി സംയുക്ത പ്രോജക്ട് നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ മുൻകൂറായി തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന എൽ.എസ്.ജി.കളിൽ ഒന്നിനെ തുക വകയിരുത്തലിന്റെയോ നിർവഹണ പ്രദേശത്തിന്റെയോ അടിസ്ഥാനത്തിൽ ലീഡ് പാർട്ണറായി നിശ്ചയിക്കണമെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലീഡ് പാർട്ണർ ബിൽ തയ്യാറാക്കി ഇതര പാർട്ണർ എൽ.എസ്.ജികൾക്ക് നൽകണമെന്നും പാർട്ണർ എൽ.എസ്.ജികൾ ഡി.പി.സി അംഗീകരിച്ചുള്ള തുകയ്ക്കുള്ള ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക ലഭ്യമാകേണ്ടവരുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നും 19.05.15-ലെ ജി(പി.)നം.187/15/ഫിൻ നം. ഉത്തരവിൽ വ്യക്തമാക്കിയിക്കെ ആയത് പരിഗണിയ്ക്കാതെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്ന ശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ - പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിലുള്ള 100000/-രൂപ 16-1-17-ലെ ബിൽ നം. 8057/16 പ്രകാരം വികസന ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 26-6-17 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 ന് മറുപടി നൽകിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് നിർവഹണം സംബന്ധമായ മാർഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകി

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്പലടി സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജ.നം.105/16-17) 41500/-രൂപ 10.3.17-ലെ ബിൽ നം. 2/16-17 പ്രകാരം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് കെൽട്രോണിന് നൽകി 39000/- രൂപ വിലയുള്ള ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറും 2500/- രൂപ വിലയുള്ള യു.പി.എസും വാങ്ങിയിട്ടുണ്ട്.

സ്കൂളുകളിൽ വിതരണം ചെയ്യുന്ന ICT ഉപകരണങ്ങളുടെ വിലയും സ്പെസിഫിക്കേഷനും നിശ്ചയിച്ചു കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറ്പ്പെടുവിച്ച 21.11.16-ലെ NEP3/10192/DPI ഉത്തരവിൽ 5 വർഷ ഓൺസൈറ്റ് വാറന്റിയോടു കൂടിയ ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് നികുതി ഉൾപ്പെടെ 24830/-രൂപ നിശ്ചയിക്കുകയും, പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ സ്കൂളുകൾക്കാവശ്യമായ ICT ഹർഡ് വെയർ ഉപകരണങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുവാൻ പാടുള്ളുവെന്ന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 20.2.17-ലെ സ.ഉ.(സാധാ.)നം.460/2017/പൊ.വി.വ. ഉത്തരവിലും വ്യക്തമാക്കിയിരിക്കെ പ്രസ്തുത ഉത്തരവുകൾ പരിഗണിക്കാതെ 39000/-രൂപ ചെലവഴിച്ച് ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി(ഇൻവോയിസ് നം. ITBG/16-17/8237/ITP/2496/14.2.17). ഇത് സംബന്ധിച്ച് 21.6.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് NEP3/10192/DPI ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന മറുടിയാണ് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ കമ്പ്യൂട്ടർ വാങ്ങിയതിന് അധികമായി നൽകിയ 14170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം -വിനിയോഗ വിവരങ്ങൾ ഇല്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം എന്ന പ്രോജക്ടിനായി(പ്രോജക്ട് നം. SO195/17) ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 500000/- രൂപ വകയിരുത്തുകയും 16.1.17-ലെ ബിൽ നം. 8054/16 പ്രകാരം 500000/- രൂപ സാമൂഹ്യ സുരക്ഷാ മിഷനിൽ ഒടുക്കുകയും ചെയ്തുവെങ്കിലും കൈപ്പറ്റ് രസീതോ വിനിയോഗ വിവരങ്ങളോ ലഭ്യമാക്കിയില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 27-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14-ന് കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ഉടൻ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 500000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-19 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സാധനഘടകങ്ങൾ

ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12-ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12-ലെ സ.ഉ.(സാധാ)നം.334/12 /ത.സ്വ.ഭ.വ. ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി2/116/2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും സൂചിപ്പിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും വേതനം, സാധന ഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്ക രീതിയിൽ സാധനഘടകങ്ങൾ ആവശ്യമുള്ള മറ്റ് പ്രവൃത്തികളുടെ കൂടെ പരമാവധി റോഡ് പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ ത.സ്വ.ഭ.വ. ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. 2015-16ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15-ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 24-6-17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3ന് എം സാന്റിന്റെ നിരക്ക് 8/2/17 ൽ മാത്രമാണ് അംഗീകരിച്ച് നൽകിയതെന്നും, മാസാവസാനത്തോടെയാണ് സോഫ്റ്റ് വെയർ അപ്ഡേറ്റ് ആയതെന്നും, അതിൻ പ്രകാരം സാധന ഘടകങ്ങൾക്കായി ടെന്റർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ലെന്നും അറിയിച്ചു. കൂടാതെ 2017-2018-ൽ സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 എം.എൻ.ആർ.ഇ.ജി.എസ്.പ്രവൃത്തികളുടെ വിശദാംശങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതിൽ അപാകത

ബി.പി.എൽ, എസ്.സി, എസ്.ടി ഭവനങ്ങളിലെ കൃഷി ഭൂമി ഒരുക്കുന്നതിന് ജല സംരക്ഷണ പ്രവൃത്തികളായി താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. 70 സെ.മീ. അടി വീതിയും 50 സെ.മീ. മുകൾ വീതിയും 1 മീറ്റർ ഉയരവുമുള്ള മൺ കയ്യാല നിർമ്മാണം.

2. 40 സെ.മീ. അടി വീതിയും 30 സെ.മീ. മുകൾ വീതിയും 40 മീറ്റർ ഉയരവുമുള്ള ബണ്ട് നിർമ്മാണം.

3.1 മീറ്റർ നീളം 1 മീറ്റർ വീതി 1.5 മീറ്റർ താഴ്ചയുള്ള മഴക്കുഴി നിർമ്മാണം.

4. 1.5 മീറ്റർ നീളം 1 മീറ്റർ വീതി 1.5 മീറ്റർ വീതി 1.5 മീറ്റർ താഴ്ചയുള്ള കമ്പോസ്റ്റ് പിറ്റ് നിർമ്മാണം.

ടി പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ നിർമ്മാണത്തിന്റെ അളവുകൾ എം. ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കയ്യാല നിർമ്മാണം, ബണ്ട് നിർമ്മാണം, എന്നിവയുടെ നീളം മാത്രവും, മഴക്കുഴി, കമ്പോസ്റ്റ് പിറ്റ് എന്നിവയുടെ എണ്ണം മാത്രവുമാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി ഇനങ്ങളുടെ അളവുകൾ പുരയിടങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് വ്യത്യാസപ്പെടുമെന്നതിനാൽ നീളം, വീതി, ഉയരം എന്നിവ നിർബന്ധമായും എം. ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം അളവുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി നിർമ്മാണങ്ങളുടെ കൃത്യത ബോധ്യപ്പെടാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് അക്രെഡിറ്റഡ് എഞ്ചിനീയർക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/16-17/28.6.17) കൃത്യമായ നീളവും വീതിയും ഉയരവും രേഖപ്പെടുത്തുന്നതാണെന്ന് 28.6.17-ൽ മറുപടി നല്കിയിട്ടുണ്ട്.

## 3-21 <u>മരാമത്ത് പ്രവൃത്തികൾക്ക് വാങ്ങിയ ടാറിന്റെ അളവിൽ കുറവ്</u>

പ്രോജക്ട് നമ്പർ 77/17(കുന്നുവിള – കുറുമ്പോലിൽ റോഡ് റീടാറിംഗ്), പ്രോജക്ട് നമ്പർ 82/17(ശാസ്താംനട-തൊളിയ്ക്കൽ റോഡ് റീടാറിംഗ്) എന്നീ പ്രവർത്തികൾക്കായി 63000091742/09.03.2017 ബിൽ പ്രകാരം 4.056എം.റ്റി. ടാറും(VG-30), ബിൽ നമ്പർ 630091744/09.03.2017 പ്രകാരം 0.364എം.റ്റി. emulsion-നുമാണ് ലഭിച്ചിട്ടുള്ളത്. 4.02.2017-ലെ നമ്പർ ഇ1/എ.ഇ./എൽ.എസ്.ജി.ഡി./പി.ജി.പി./2016-17-ൽ, അസിസ്റ്റന്റ് എഞ്ചിനീയർ ഭാരത് പെട്രോളിയം കോർപ്പറേഷന് നൽകിയ കത്തിൽ, S-65 packed bitumen 4174 kg., emulsion 1.402 kg എന്നിവ കരാറുകാരനായ വാസുക്കുറിപ്പിന് ഇഷ്യൂ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ടി വർക്കുകൾക്ക് ആവശ്യമായ ബിറ്റുമിൻ, ഇമൾഷൻ എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

1. കുന്നുവിള കുറുമ്പോലിൽ റോഡ് റീടാറിംഗ്

penetration medm 157.6m2 @ 1.75/m2 = 275.8

ചിപ്പിംഗ് കാർപ്പറ്റ് 1095m2 @14.6/10m2 = 1598.7

സീൽകോട്ട് 1095 m2@6.5/10m2 = 711.75

--------------------

2.586 MT

2. തൊളിയ്ക്കൽ ശാസ്താംനട റോഡ് റീടാറിംഗ്

penetration medm 74.97m2 @ 1.75/m2 = 131.19

ചിപ്പിംഗ് കാർപ്പറ്റ് 690m2 @14.6/10m2 = 1007.4

സീൽകോട്ട് 690 m2@6.5/10m2 = 448.5

--------------------

1.5870 MT

ആകെ = 4.1732 MT

ഇമൾഷൻ

കുന്നവിള കുറുമ്പോലിൽ റോഡ്

1095 x 0.225 = 246.37

തൊളിയ്ക്കൽ - ശാസ്താംനട റോഡ്

690 x 0.225/m2 = 155.25

ആകെ = 401.62 kg

ടാർ കുറവ് = 4.173-4.056 = 117 kg.

117 @ 29.316 = 3429.97

എക്സൈസ് ഡ്യൂട്ടി = 480.19

5% VAT = 171.49

ആകെ = 4081.65

ഇമൾഷൻ കുറവ്

401.62-364= 37 kg

37 kg @ 31.34kg = 1159.58

എക്സൈസ് ഡ്യൂട്ടി = 162

VAT = 57.6

= 1378.6

കുറവ് വന്ന ടാർ മറ്റ് വർക്കുകളിൽ നിന്നും ക്രമീകരിച്ചതായി ഫയലിലും എം.ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 15/16-17/28.06.2017) നൽകിയ മറുപടി തൃപ്തികരമല്ല.

## 3-22 <u>മരാമത്ത് ബില്ലുകളിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം</u>

ഈടാക്കിയതിൽ കുറവ്

2016-2017 സാമ്പത്തിക വർഷത്തെ മരാമത്ത് ബില്ലുകളിൽ നിന്നും 1.03% നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയും 1% ഇൻകം ടാക്സും ഈടാക്കുന്നതിന് പകരം 1% നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതവും 1.03% ഇൻകം ടാക്സും ഈടാക്കിക്കാണുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/28.6.17) 1.03% വെൽഫയർ ഫണ്ട് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ശരിയായ നിരക്കിൽ തുക ഈടാക്കി അടവാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-23 മരാമത്ത് പ്രവൃത്തികൾ അംഗീകാരം ലഭിച്ചതിൽ 50% ൽ താഴെ മാത്രം പണി പൂർത്തീകരിച്ചു

2016-2017 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച 99 പ്രോജക്ടുകൾ പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളിൽ 40 എണ്ണം മാത്രമാണ് പൂർത്തീകരിച്ച് ബിൽ നൽകിയിട്ടുള്ളത്. അംഗീകാരം ലഭിച്ചതിന്റെ 50% പോലും പ്രാവർത്തികമാക്കാൻ സാധിക്കാത്തതിന്റെ സാഹചര്യം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/27.6.17) 30 പ്രോജക്ടുകൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ അംഗീകാരം കിട്ടിയതാണെന്നും ബിറ്റുമിൻ ലഭ്യമാകുന്നതിനുള്ള താമസവും ക്വാറി സമരം മൂലം മെറ്റീരിയൽ കിട്ടാതായതും വർക്ക് നടത്തിക്കുന്നതിന് തടസ്സമായതായി മറുപടി ലഭ്യമാക്കി. നാളിതുവരെ സ്പിൽ ഓവർ പ്രോജക്ടുകൾ 8 എണ്ണം പൂർത്തീകരിച്ചതായും 10 എണ്ണം പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതായും മറുപടി ലഭ്യമാക്കി.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 27000 | നെൽകൃഷിക്ക് കൂലി | 27000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2016-2017 | 90000 | നെൽകൃഷിക്ക് വിത്ത് | 90000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-2017 | 270000 | പശു വളർത്തൽ | 270000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2016-2017 | 97200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 97200 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അങ്കണവാടി കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 21600771 (വൗച്ചർ നമ്പർ) | 25760 (തനത് ഫണ്ട്) | 25760 | 0 |
| | | 1969429 (ചെക്ക് നം.) തീ.6-3-17 | 382450 (പ്ലാൻ ഫണ്ട്) | 382450 | 0 |
| ആകെ | | | | 408210 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22553/- രൂപയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2011-2012 | 2-2(3) | 250 | കൃഷ്ണകുമാർ, സെക്രട്ടറി | 11601103778/ 9.3.17 |
| 2014-2015 | 3-2 | 9400 | അബ്ദുൾ അസീസ്, എച്ച്.എം. | 11601103888/ 15.3.17 |
| 2013-2014 | 3-7 | 240 | ഉഷാകുമാരി, സെക്രട്ടറി | 11601101110/ 19.3.17 |
| 2013-2014 | 3-6 | 2353 | ഷാഹിദ.കെ, ഡയറിഫാം ഇൻസ്ട്രക്ടർ | 11601100356/ 29.4.16 |
| 2013-2014 | 2-1& 2-2 | 820 | ഉഷാകുമാരി, സെക്രട്ടറി | 11601100473/ 17.5.16 |
| 2013-2014 | 2-1& 2-2 | 800 | ഉഷാകുമാരി, സെക്രട്ടറി | 11601100475/ 17.5.16 |
| 2013-2014 | 2-1& 2-2 | 1400 | ഉഷാകുമാരി, സെക്രട്ടറി | 11601100480/ 18.5.16 |
| 2013-2014 | 2-1& 2-2 | 290 | ഉഷാകുമാരി, സെക്രട്ടറി | 11601100483/ 18.5.16 |
| 2013-2014 | 2-1& 2-2 | 460 | ഉഷാകുമാരി, സെക്രട്ടറി | 11601100521/ |

| | | | | |
|---|---|---|---|---|
| | | | | 21.5.16 |
| 2013-2014 | 2-1 &2-2 | 460 | ഉഷാകുമാരി, സെക്രട്ടറി | 11601100535/ 23.5.16 |
| 2013-2014 | 2-1 &2-2 | 460 | ഉഷാകുമാരി, സെക്രട്ടറി | 11601100541/ 23.5.16 |
| 2013-2014 | 2-1 &2-2 | 2600 | ഉഷാകുമാരി, സെക്രട്ടറി | 11601100547/ 24.5.16 |
| 2013-2014 | 2-1 &2-2 | 460 | ഉഷാകുമാരി, സെക്രട്ടറി | 11601100550/ 24.5.16 |
| 2013-2014 | 2-1 &2-2 | 460 | ഉഷാകുമാരി, സെക്രട്ടറി | 11601100553/ 24.5.16 |
| 2013-2014 | 2-1 &2-2 | 700 | ഉഷാകുമാരി, സെക്രട്ടറി | 11601100608/ 28.5.16 |
| 2013-2014 | 2-1 &2-2 | 700 | ഉഷാകുമാരി, സെക്രട്ടറി | 11601100624/ 31.5.16 |
| 2013-2014 | 2-1 &2-2 | 700 | ഉഷാകുമാരി, സെക്രട്ടറി | 11601100630/ 31.5.16 |
| ആകെ | | 22553 | | |

**4-7** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>
ഇല്ല

**4-8** <u>ഓഡിറ്റ് പ്രത്യുവലോകനം</u>
<u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32207567 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16068135 |
| വരവിനങ്ങളിലുള്ള നഷ്ടം | 17796 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5460 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5521911 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 17796 | - | ഉഷാകുമാരി,<br>സെക്രട്ടറി |
| 3-21 | - | 5460 | ശാലിനി.എസ്.,എ.ഇ.,<br>എൽ..എസ്.ജി.ഡി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 240600 | ഉഷാകുമാരി, സെക്രട്ടറി |
| 3-3 | 1290852 | ഉഷാകുമാരി, സെക്രട്ടറി |
| 3-4 | 508866 | ശ്രീ.റോയ്.ടി, എച്ച്.എം , ഗവ.എൽ.പി.എസ്. |
| 3-6 | 434023 | ശ്രീ.സനോജ്.സാം, മെഡിക്കൽ ഓഫീസർ ,<br>ആയുർവേദം |

| | | | |
|---|---|---|---|
| 3-7 | 221858 | 98940 | ശ്രീ.അരുൺ.ഒ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | | 122918 | ശ്രീ.പ്രദീപ് കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 408332 | | ഉഷാകുമാരി, സെക്രട്ടറി |
| 3-9 | 988210 | | ഉഷാകുമാരി, സെക്രട്ടറി |
| 3-11 | 75000 | | ഉഷാകുമാരി, സെക്രട്ടറി |
| 3-12 | 540000 | | ശ്രീ.എസ്.ഷാജി, അസി.സെക്രട്ടറി |
| 3-13 | 100000 | | ശ്രീ.എസ്.ഷാജി, അസി.സെക്രട്ടറി |
| 3-15 | 100000 | | ശ്രീ.റോബിൻ സാമുവൽ, വി.ഇ.ഒ. |
| 3-16 | 100000 | | ഉഷാകുമാരി, സെക്രട്ടറി |
| 3-17 | 14170 | | ശ്രീ.റോയ്.ടി, എച്ച്.എം, ഗവ.എൽ.പി.എസ്. |
| 3-18 | 500000 | | ഉഷാകുമാരി, സെക്രട്ടറി |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷാകുമാരി, സെക്രട്ടറി | സെക്രട്ടറി , പോരുവഴി ഗ്രാമ പഞ്ചായത്ത് | ചൈത്രം, ശൂരനാട് പി.ഒ, ശൂരനാട്. |
| ശാലിനി.എസ്., എ.ഇ., എൽ.എസ്.ജി.ഡി. | എ.ഇ., എൽ.എസ്.ജി.ഡി. പോരുവഴി ഗ്രാമ പഞ്ചായത്ത് | ശാന്താലയം, അരിനെല്ലൂർ പി.ഒ. കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 13 |
| 1997-1998 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 15 |
| 1998-1999 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 15 |
| 1999-2000 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 8 |
| 2000-2001 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 5 |
| 2001-2002 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 6 |

| | | |
|---|---|---|
| 2002-2003 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 11 |
| 2003-2004 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 2 |
| 2004-2005 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 5 |
| 2005-2006 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 8 |
| 2006-2007 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 8 |
| 2007-2008 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 10 |
| 2008-2009 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 16 |
| 2009-2010 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ12-6-14 | 18 |
| 2010-2011 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.12-6-14 | 4 |
| 2011-2012 | എൽ.എഫ്.ക്യൂ.പി2/2624/20144<br>തീ 5-3-15 | 10 |
| 2012-2013 | എൽ.എഫ്.ക്യൂ.പി2/2624/20144 | 7 |

| | | |
|---|---|---|
| | തീ 5-3-15 | |
| 2013-2014 | കെ.എസ്.എ-കെ.എൽ.എം.പി2/94/16<br>തീ.2-9-16 | 13 |
| 2014-2015 | കെ.എസ്.എ-കെ.എൽ.എം.പി2/1171/16<br>തീ1-8-16 | 24 |
| 2015-2016 | കെ.എസ്.എ-കെ.എൽ.എം.പി2/52/17<br>തീ.13-2-17 | 30 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി-10/1245/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 11/07/2017.

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം